LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് വാണിജ്യ തുറമുഖങ്ങൾ നിർമ്മിക്കുന്നതിന് പങ്കാളികളെ കണ്ടെത്തൽ

162 [2289] ശ്രീ മത്തായി ചാക്കോ:

„ വി. കെ. സി. മമ്മത്കോയ:

„ കെ. പി. സതീശ്ചന്ദ്രൻ:

„ സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യ തുറമുഖങ്ങൾ നിർമ്മിക്കുന്നതിന് അനുയോജ്യമായ പങ്കാളികളെ കണ്ടെത്തുന്നതിന് പരിപാടിയുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കുമോ;

(ബി) നിർമ്മാണത്തിന് തയ്യാറായ പങ്കാളികളുമായി നേരിൽ സംസാരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം പങ്കാളികളുമായി ഏതെല്ലാം രാജ്യത്ത് പോയി സംഭാഷണം നടത്തിയിട്ടുണ്ടെന്നും, ഔദ്യോഗിക സംഭാഷണത്തിനായി ആരെല്ലാം വിദേശത്ത് പോയിരുന്നുവെന്നും വിശദീകരിക്കാമോ;

(ഡി) ഏതെല്ലാം വാണിജ്യ തുറമുഖങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഏതെല്ലാം നിക്ഷേപകരുമായിട്ടാണ് സർക്കാർ പ്രതിനിധികൾ ചർച്ച ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; എന്തെല്ലാം കാര്യങ്ങളിൽ ധാരണയിലെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. സാങ്കേതികവും സാമ്പത്തികവുമായ യോഗ്യതകളുള്ള സ്വകാര്യ നിക്ഷേപകരെ തുറമുഖ വികസനത്തിന് പത്രപരസ്യം മുഖേന ക്ഷണിക്കുകയും ഇവർ നൽകുന്ന പദ്ധതി നിർദ്ദേശങ്ങളിൽ ശ്രേഷ്ഠമായതിനെ തെരഞ്ഞെടുക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുകയും ചെയ്യുക എന്നതാണ് തത്വം.

(ബി) ആരുംതന്നെ നിർമ്മാണത്തിനായി തയ്യാറായി വന്നിട്ടില്ല.

(സി ആന്റ് ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

---

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII

[15-7-2004-ലെ ചോദ്യം നമ്പർ 162 (2289)-ന്റെ ഉത്തരം ദയവായി കാണുക.]

(സി ആന്റ് ഡി) തുറമുഖങ്ങളുടെ വികസനത്തിന് പങ്കാളിയാകുവാൻ പത്രപരസ്യത്തിന്റെ അടിസ്ഥാനത്തിലും അല്ലാതെയും നിരവധി പേർ താൽപ്പര്യം പ്രകടിപ്പിക്കുകയുണ്ടായി. താൽപ്പര്യം പ്രകടിപ്പിച്ചവരിൽ താഴെ പറയുന്ന കമ്പനികളുമായി പ്രാരംഭ ചർച്ചകൾ നടത്തിയിട്ടുണ്ട്:

തുറമുഖം	*കമ്പനി*	*ചർച്ച നടത്തിയ സ്ഥലവും പങ്കെടുത്തവരും*	*ഇപ്പോഴത്തെ ഘട്ടം*
(1)	(2)	(3)	(4)
1. അഴീക്കൽ	യൂണിവേഴ്സൽ ലൂബ്രിക്കൻസ്, ഷാർജ	ഷാർജ സഹകരണ തുറമുഖ വകുപ്പുമന്ത്രിയും മന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയും കൂടാതെ ഇന്ത്യയിൽ വച്ച് തുറമുഖവകുപ്പ് ഡയറക്ടർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ	കമ്പനിയുടെ പ്രൊപ്പോസൽ പ്രതീക്ഷിക്കുന്നു
2. ബേപ്പൂർ	പാരിസൺസ് ഗ്രൂപ്പ്, കോഴിക്കോട്	ഇന്ത്യ സഹകരണ തുറമുഖ വകുപ്പുമന്ത്രി, തുറമുഖ വകുപ്പു സെക്രട്ടറി, തുറമുഖ വകുപ്പ് ഡയറക്ടർ, മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി.	ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റിൽ ധാരണാപത്രം ഒപ്പു വയ്ക്കുകയും തുടർന്ന് അവർ സമർപ്പിച്ച വിശദമായ പ്രൊപ്പോസൽ പരിശോധിച്ചു വരികയുമാണ്
3. ആലപ്പുഴ	ഇ. ഇ.ഡി.ഒ./എൻവയോൺമെന്റൽ ആന്റ് കൺസൾട്ടൻസി, മുമ്പായി	ഇന്ത്യ സഹകരണ തുറമുഖ വകുപ്പുമന്ത്രിയും തുറമുഖ വകുപ്പു സെക്രട്ടറിയും, തുറമുഖ വകുപ്പ് ഡയറക്ടറും	9-7-2004-ൽ ധാരണാപത്രം ഒപ്പിട്ടു

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII—(തുടർച്ച)

തുറമുഖം	കമ്പനി	ചർച്ച നടത്തിയ സ്ഥലവും പങ്കെടുത്തവരും	ഇപ്പോഴത്തെ ഘട്ടം
(1)	(2)	(3)	(4)
4. വിഴിഞ്ഞം	1. പോർട്ട് കോൺ ഇന്റർനാഷണൽ കൺസോർഷ്യം സൗത്ത് ആഫ്രിക്ക 2. ബെക്കറ്റ് റാങ്കൈൻ പാർട്ട്നർഷിപ്പ്, ലണ്ടൻ 3. ഹിലി കമ്പനി മാർട്ടാ/ഐ.എൽ. ആന്റ് എഫ്.എസ്., മുംബൈ 4. എൽ. ആന്റ് റ്റി. (ഇസി.ഡി.) ഡിവിഷൻ, ചെന്നൈ 5. ഗാമൺ ഇൻഡ്യ, മുംബൈ 6. ആഫ് കോൺസ്, മുംബൈ 7. അഡാനി പോർട്ട്, അഹമ്മദാബാദ്	ഇന്ത്യ, മാൾട്ടാ, ലണ്ടൻ, സൗത്ത് ആഫ്രിക്ക, ആംസ്റ്റർഡാം 11 കമ്പനികൾ താൽപ്പര്യം പ്രകടിപ്പിച്ചു. ഇവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു നിക്ഷേപസമ്മേളനം നടത്തുകയും തുടർന്ന് 7 കമ്പനികൾ ദർഘാസുകൾ സമർപ്പിക്കുവാൻ റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ ഡോക്കുമെന്റുകൾ വാങ്ങുകയുമുണ്ടായി. ടി ഏഴ് കമ്പനികളുമായി സഹകരണ തുറമുഖ വകുപ്പുമന്ത്രിക്കു പുറമേ അഡീഷണൽ ചീഫ് സെക്രട്ടറി, തുറമുഖ വകുപ്പു സെക്രട്ടറി, തുറമുഖ വകുപ്പ് ഡയറക്ടർ എന്നിവർ ചർച്ചകൾ നടത്തി. കൂടാതെ ആദ്യത്തെ മൂന്നു കമ്പനികളുമായി വിദേശത്തുവച്ച് സഹകരണ തുറമുഖ വകുപ്പുമന്ത്രിയും അഡീഷണൽ ചീഫ് സെക്രട്ടറിയും തുറമുഖ വകുപ്പുമന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയും പദ്ധതിയുടെ ഉപദേഷ്ടാക്കാളായ ഐ.എൽ. ആന്റ് എഫ്.എസ്. ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ വൈസ് പ്രസിഡന്റും മാൾട്ടാ ലണ്ടൻ ആംസ്റ്റർഡാം, സൗത്ത് ആഫ്രിക്ക എന്നിവിടങ്ങളിൽവച്ച് ചർച്ച നടത്തുകയുണ്ടായി.	എല്ലാ കമ്പനികളും പദ്ധതിയിൽ അതീവ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇവരുടെ വിശദമായ സാങ്കേതിക-സാമ്പത്തിക ദർഘാസുകൾ ലഭിച്ച് അവ പരിശോധിച്ച ശേഷമേ അനുയോജ്യ പങ്കാളിയുമായി കരാറിൽ ഏർപ്പെടുവാൻ കഴിയുകയുള്ളൂ.